# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP5-742/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 25/05/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറിച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP5-742/2022 തീയ്യതി: 25/05/2022

## തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 23-03-2022 | 02-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-03-2022 | 02-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമത് സിസ്റ്റുലാബീവി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ജയലക്ഷ്മി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.കോസലരാമദാസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജസ്റ്റിൻരാജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജി.മണികണ്ഠൻ | പ്രസിഡന്റ് | 01-04-2020 | 06-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി-**ഇൻ-ചാർജ്ജ്** | 07-11-2020 | 29-12-2020 |
| ശ്രീ.ജി.മണികണ്ഠൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ജീവൻ.എസ് | സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീമതി കെ.എസ്.ഷീബ | സെക്രട്ടറി | 16-06-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി മായ ബാലകൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി മീരാറാണി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ.ജോയ് ജോൺ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീ.പ്രവീൺ.ജി.എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി ഗംഗ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി രാഖി.സി.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ബ്രിജിത് ചാക്കോ | ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ്. പരുത്തിപ്പള്ളി | 01-04-2020 | 31-05-2020 |
| ശ്രീമതി സുലഭ.എ.എൽ | ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ്. കോട്ടൂർ | 01-06-2020 | 31-03-2021 |
| ശ്രീ.മഹേഷ് | വി.ഇ.ഒ (കുറ്റിച്ചൽ സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീഅജേഷ് സത്യൻ | വി.ഇ.ഒ(കോട്ടൂർ സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീ.രാജീവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷെഹ്നാസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സോഫിയ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayalekshmi BK (Senior Grade Auditor, On 04-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Jayalekshmi BK (Senior Grade Auditor, On 04-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 04-04-2022)<br>Last Updated By: K Sreeja (Deputy Director, On 25-05-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 04-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-4 |
| 5 | പണം നീക്കിയിരിപ്പ് പരിശോധന<br>Written By: Justin Raj T.S (Senior Grade Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Justin Raj T.S (Senior Grade Auditor, On 12-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-05-2022) | 1-6 |
| 7 | 2020-2021 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം.<br>Written By: Justin Raj T.S (Senior Grade Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-05-2022) | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Sindhulabeevi.M (Audit Officer (HG), On 13-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-05-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ.<br>Written By: Jayalekshmi BK (Senior Grade Auditor, On 18-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-9 |
| 10 | അർദ്ധവാർഷിക വരുമാന പത്രികകൾ ഹാജരാക്കിയില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-10 |
| 11 | തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-11 |
| 12 | സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-12 |
| 13 | ജീവനക്കാരുടെ വിവരം സ്ഥാപനം വെളിപ്പെടുത്തിയിട്ടും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-05-2022) | 1-13 |
| 14 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച.<br>Written By: Justin Raj T.S (Senior Grade Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-14 |
| 15 | വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-05-2022) | 1-15 |
| 16 | ലൈസൻസ് നൽകൽ കാര്യക്ഷമമല്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-16 |
| 17 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-17 |
| 18 | കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-18 |
| 19 | റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-19 |
| 20 | സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-20 |

| | | |
|---|---|---|
| 21 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-21 |
| 22 | വെള്ളക്കരം- അധികം ഒടുക്കിയത് ക്രമീകരിക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 05-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-22 |
| 23 | വാഹനങ്ങളുടെ ഇൻഷ്വറൻസ്- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.<br>Written By: Jayalekshmi BK (Senior Grade Auditor, On 05-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-23 |
| 24 | എസ്.എൽ.ഐ. ഈടാക്കിയതിൽ കുറവ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 05-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-24 |
| 25 | സാക്ഷരത പ്രേരക്-മാർക്ക് ഓണറേറിയം നൽകിയത്- തുക റീക്കുപ്പ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 05-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-25 |
| 26 | നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല(16401/- രൂപ).<br>Written By: Sindhulabeevi.M (Audit Officer (HG), On 18-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-05-2022) | 1-26 |
| 27 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.<br>Written By: Justin Raj T.S (Senior Grade Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-27 |
| 28 | പദ്ധതി തുക വകമാറ്റി ചെലവഴിച്ചു; 10000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Justin Raj T.S (Senior Grade Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-05-2022) | 1-28 |
| 29 | അമൃതം ന്യൂട്രിമിക്സ്-ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല.<br>Written By: Kosalaramadas.K (Senior Grade Auditor, On 16-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-05-2022) | 1-29 |
| 30 | അങ്കണവാടികൾ ഭൗതിക സൗകര്യങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Kosalaramadas.K (Senior Grade Auditor, On 16-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-30 |
| 31 | ജാഗ്രതാസമിതി പ്രവർത്തനങ്ങൾ സജീവമല്ല.<br>Written By: Kosalaramadas.K (Senior Grade Auditor, On 16-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-31 |
| 32 | തരിശുഭൂമി കൃഷി - അവലോകനം.<br>Written By: Kosalaramadas.K (Senior Grade Auditor, On 16-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-32 |
| 33 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല-11647/-.<br>Written By: Sindhulabeevi.M (Audit Officer (HG), On 18-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-33 |
| 34 | തെരുവുവിളക്ക് പരിപാലനം-നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.<br>Written By: Sindhulabeevi.M (Audit Officer (HG), On 18-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-05-2022) | 1-34 |
| 35 | രേഖകൾ ഹാജരാക്കിയിട്ടില്ല – 51,360/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Kosalaramadas.K (Senior Grade Auditor, On 19-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | നിശ്ചിത കാലയളവിനുള്ളിൽ പണി പൂർത്തികരിക്കാത്തതിന് പിഴ ഈടാക്കിയില്ല- 16401/രൂപ വരവ് നഷ്ടം.<br>Written By: Sindhulabeevi.M (Audit Officer (HG), On 18-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-05-2022) | 3-1 |
| 2 | ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 5% തുക കുറവ് ചെയ്തിട്ടില്ല. നഷ്ടം 11673/-രൂപ.<br>Written By: Sindhulabeevi.M (Audit Officer (HG), On 18-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-05-2022) | 3-2 |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Jayalekshmi BK (Senior Grade Auditor, On 05-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം.<br>Written By: Jayalekshmi BK (Senior Grade Auditor, On 05-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 08-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 4-3 |
| 4 | വായ്പ- വായ്പ തിരിച്ചടവ്<br>Written By: Jayalekshmi BK (Senior Grade Auditor, On 05-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 08-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayalekshmi BK (Senior Grade Auditor, On 08-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayalekshmi BK (Senior Grade Auditor, On 08-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-05-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Rajeevan Chellan (Office Superintendent, On 24-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 18-04-2022)<br>Last Updated By: K Sreeja (Deputy Director, On 25-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 08-04-2022)<br>Last Updated By: K Sreeja (Deputy Director, On 25-05-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 30.03.2020-ൽ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം മുൻബാക്കി 5442573/-രൂപയും പ്രതീക്ഷിത വരവ് 332443806/- രൂപയും പ്രതീക്ഷിത ചെലവ് 333867100/- രൂപയും നിക്കിയിരിപ്പ് 4019279/- രൂപയുമാണ്. പരിഷ്കരിച്ച ബജറ്റ് 16.02.2021-ലെ 2(1) നം. തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1. ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല.

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥരോട് പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതിന്റേയും ആയത് സമർപ്പിച്ചതിന്റേയും രേഖകൾ അടങ്ങിയ ഫയൽ സൂക്ഷിച്ചിട്ടില്ല.

രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (നം.23) നൽകിയതിന് ബജറ്റ് ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നും, തുടർ വർഷങ്ങളിൽ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

2. 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ/പരിഷ്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങൾക്ക് തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യപത്രിക പ്രകാരം ചെലവ് |
|---|---|---|---|
| 2512008 | കുടിവെള്ളം | 800000 | 0 |
| 2512025 | പൊതുകുടിവെള്ള വിതരണം | 750000 | 0 |

അപാകത തുടർവർഷങ്ങളിൽ ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്ന് അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം.23). ബജറ്റ് തയ്യാറാക്കുന്നതിന് പഞ്ചായത്ത്‌രാജ് ചട്ടം അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാൻ തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2021 | 03.06.2021 |

വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ.

1. Income & Expenditure Statement പ്രകാരമുള്ള ആകെ ചെലവ് (176873017/-) ആകെ വരുമാനത്തെക്കാൾ (172434383/-) കൂടിനിൽക്കുന്നു.

ഡിപ്രീസിയേഷൻ തുക നോമിനൽ എക്സ്പെൻഡിച്ചർ ആയതിനാലും പ്രാരംഭബാക്കി തുക റവന്യൂചെലവിന് ഉപയോഗിച്ചതിനാലുമാണ് ഇപ്രകാരം വന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്.

2. KURDFC ലോൺ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| 2019-20 എ.എഫ്.എസ് പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | 2020-21 ലെ ലോൺ വരവ് | 2020-21 ലെ ലോൺ തിരിച്ചടവ് | നീക്കിയിരിപ്പ് വരേണ്ടതുക (തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക) | 2020-21 ലെ എ.എഫ്.എസ് പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വ്യത്യാസം |
|---|---|---|---|---|---|
| 35002352 | 3080000 | 2809018 | 35273334 | 35093334 | 180000 |

2019-20 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ വന്ന അപാകത 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ പരിഹരിച്ചതിനാലാണ് വ്യത്യാസം വന്നതെന്ന് വ്യക്തമാക്കി.

3. ബാങ്ക് റീകൺസിലിയേഷൻ അപാകത.

A. യൂണയൻബാങ്ക്- Ownfund ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം മൂന്ന് മാസത്തിലധികമായി നൽകിയതും ലഭിച്ചതുമായ ചെക്കുകൾ പണമാക്കിയിട്ടില്ല. വിശദാംശം ചുവടെ.

I. Cheque Deposited But Not Collected

31.03.2019 - 11250/-

27.03.2018 - 89237/-

Ii. Cheque Issued But Not Presented Into Bank

48254/- രൂപയുടെ ചെക്കുകൾ (18 എണ്ണം)

ഭരണസമിതി തീരുമാനം കൈക്കൊണ്ട് തുടർനടപടി സ്വീകരിക്കാമെന്ന് മറുപടി ലഭ്യമാക്കി.

B. യൂണിയൻബാങ്ക്- MNH ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 31.03.2021-ലെ ബാങ്ക് നീക്കിയിരിപ്പ് 47452/-രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31.03.2021-ലെ നീക്കിയിരിപ്പ് 47445/-രൂപയാണ്.

അടുത്ത സാമ്പത്തികവർഷം (6.4.2021 ന്) ലഭിച്ച പലിശ (7/- രൂപ) തൻവർഷം ഉൾപ്പെടുത്തിയതിനാലാണ് അപാകത സംഭവിച്ചതെന്ന് വിശദീകരണം.

4. ഡെപ്പോസിറ്റ് വർക്ക് അഡ്വാൻസ് നൽകിയ തുക - എ.എഫ്.എസ് പ്രകാരമുള്ളതും, സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | എ.എഫ്.എസ് പ്രകാരം | സുലേഖ ചെലവ് പത്രിക പ്രകാരം |
|---|---|---|
| കെ.എസ്.ഇ.ബി | 98184/- | 266027/- |

5. എം.എൻ.ആർ.ഇ.ജി.എസ്- അഡ്വാൻസ് നൽകിയ തുക എ.എഫ്.എസ് പ്രകാരം 1382832/-രൂപയാണ്. എന്നാൽ എം.എൻ.ആർ.ഇ.ജി.എസ്- അഡ്വാൻസ് രജിസ്റ്റർ പ്രകാരം ആയത് 1616396/-രൂപയാണ്.

മേൽ രണ്ട് അപാകതകളും പരിശോധിച്ച് മറുപടി നൽകാമെന്ന് അറിയിക്കുകയുണ്ടായി (ഓഡിറ്റ് എൻക്വയറി നം.16).

6. ഡെപ്പോസിറ്റ് രജിസ്റ്ററിൽ തൻവർഷം ലഭിച്ചതും, തിരികെ നൽകിയതുമായ ഡെപ്പോസിറ്റ് തുകയുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ എ.എഫ്.എസ് പ്രകാരം പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7. ബാലൻസ്ഷീറ്റ് B-15 Schedule പ്രകാരം Rent From Building (Arrear)- 11207/-, Ufructs Of Trees (Arrear)- 3000/- എന്നിങ്ങനെ തുക ലഭിക്കാനുണ്ട്.

1. പ്രസ്തുത തുക 2021-22 സാമ്പത്തികവർഷം ലഭിച്ചിട്ടുണ്ടെന്നാണ് വിശദീകരണം നൽകിയത് (ഇതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല).

8. വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിൽ (B-14 Stock In Hand (Inventories)) ഉൾപ്പെടുത്തിയിട്ടില്ല.

9. I-18 Shcedule പ്രകാരം ചുവടെ ചേർക്കും പ്രകാരം ലഭിക്കാനുള്ള വരവ് എഴുതി തള്ളിയിട്ടുണ്ട്. ആയതിന് പഞ്ചായത്ത്രാജ് ആക്ട് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

1. Profession Tax- Institutions/Professionals/Traders- 9530/-

Rent From Building-1000/-

Programme Expenses-40000/-

തുടർവർഷങ്ങളിൽ അപാകത പരിഹരിക്കാമെന്നാണ് മറുപടി നൽകിയത്.

അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

1. ഗ്രാന്റ് ലഭിച്ചതും, ചെലവഴിച്ചതും, നീക്കിയിരിപ്പ്/ലാപ്സായ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം).

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 10888948 | 10888948 | 13923082 | -3034134 |
| വികസനഫണ്ട് (SCP) | 0 | 3860785 | 3860785 | 2772138 | 1088647 |
| വികസനഫണ്ട് (TSP) | 0 | 2810824 | 2810824 | 2761615 | 49209 |
| 15 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 5470000 | 5470000 | 2812515 | 2657485 |
| 15 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 11108784 | 11108784 | 8115695 | 2993089 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 23718000 | 23718000 | 21424040 | 2293960 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3881341 | 3881341 | 3400381 | 480960 |

2. പദ്ധതി ഫണ്ട് ചെലവുകൾ-വാർഷിക ധനകാര്യപത്രികയിലെയും ഗ്രാന്റ് വിനിയോഗ പത്രികയിലെയും ചെലവ് തുകകളിൽ ചുവടെ ചേർക്കും പ്രകാരം വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ട് ഇനം | ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവ് | എ.എഫ്.എസ്.(RP-7)/ ACR പ്രകാരമുള്ള ചെലവ്. |
|---|---|---|
| വികസന ഫണ്ട്-ജനറൽ | 13923082 | 10750655 |
| വികസന ഫണ്ട് (SCP) | 2772138 | 2698923 |
| വികസന ഫണ്ട് (TSP) | 2761615 | 2278439 |
| മെയിന്റനൻസ്(നോൺറോഡ്) | 3400381 | 3360722 |

വാർഷികധനകാര്യപത്രിക RP-7 -ൽ ജി.ഒ.പ്രോജക്ടുകളുടെ ചെലവ് ഉൾപ്പെടാത്തതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നതെന്നാണ് വിശദീകരണം ലഭ്യമാക്കിയത് (ഓഡിറ്റ് എൻക്വയറി നം.10).

3. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി. 29.01.2018) പ്രകാരം മേഖല വകയിരുത്തലുകൾ സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

| ക്രമ നം. | മാർഗ്ഗരേഖപ്രകാരം വകയിരുത്തേണ്ട തുക | വകയിരുത്തിയതിൽ/ ചെലവഴിച്ചതിലെ അപാകത |
|---|---|---|
| 1 | ഖണ്ഡിക 5.4.1(9) ഗ്രാമപഞ്ചായത്തുകൾ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിന്റെ 30% ൽ അധികം തുക പശ്ചാത്തലമേഖലയ്ക്ക് വകയിരുത്താൻ പാടുള്ളതല്ല. | ബജറ്റ് അനുബന്ധം 2 പട്ടിക 3 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട പരമാവധി തുക 988200/- രൂപയാണ്. എന്നാൽ ഈയിനത്തിൽ 1333000/- രൂപ വകയിരുത്തിയിരിക്കുന്നു. (അധികം 344800/-) |
| 2 | ഖണ്ഡിക 5.4.1.(11) പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. | ബജറ്റ് അനുബന്ധം 2 പട്ടിക 3 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക 861360/- രൂപയാണ്. എന്നാൽ അധിക തുക വകയിരുത്തിയെങ്കിലും (1121662/- രൂപ) 39% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ |
| 3 | ഖണ്ഡിക 5.4.1.(11) പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനും, പാലിയേറ്റീവ് പരിചരണത്തിനും ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. | ബജറ്റ് അനുബന്ധം 2 പട്ടിക 3 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക861360/- രൂപയായിരിക്കെ 1872165/- രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 32% മാത്രമാണ് ചെലവ് |
| 4 | ഖ. 6.1, 6.2 എന്നിവ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റിചെലവഴിക്കാനോ പാടില്ല. | പട്ടികജാതി വിഭാഗത്തിൽ ലഭിച്ച തുകയിൽ 30% തുകയും, പട്ടികവർഗ്ഗവിഭാഗത്തിൽ ലഭിച്ച തുകയിൽ 19% ഉം സാമ്പത്തികവർഷം ചെലവഴിച്ചിട്ടില്ല. |

4. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു.

B-4 Schedule പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 265638/- രൂപ തൻവർഷം ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഒടുക്കിയ ഗുണഭോക്തൃവിഹിതമാണെന്നും, അരുവിക്കര വാട്ടർ അതോറിറ്റിയുടെ അറിയിപ്പ് ലഭിക്കുന്നമുറയ്ക്ക് മേൽ ഓഫീസിൽ അടവാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി (ഓഡിറ്റ് എൻക്വയറി നം.10).

5. പ്രത്യേകാവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകൾ ചെലവഴിക്കാത്തത് (ബാലൻസ്ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ).

| ഫണ്ടിനം | തുക | ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി | |
|---|---|---|---|
| | | ഫണ്ട് വിശദാംശം | തുകയുടെ ചെലവ് സംബന്ധിച്ച നിലവിലെ സ്ഥിതി |
| TSC | 1791894 | ശുചിത്വമിഷൻ ഫണ്ട്, പെർഫോമൻസ് ബേസിസ് ഇൻസന്റീവ് ഗ്രാന്റ്, എസ്.ബി.എം.ഗ്രാന്റ് | നിലവിൽ ശുചിത്വമിഷനുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് തുക ചെലവഴിച്ചുവരുന്നു. |
| SSA | 141163 | സർവ്വശിക്ഷ അഭിയാൻ ഫണ്ട് | സർവ്വശിക്ഷ അഭിയാനിൽ നിന്ന് അറിയിപ്പ് ലഭിക്കുന്നമുറയ്ക്ക് തുക തിരിച്ചടയ്ക്കുന്നതാണ്. |
| WGDP | 5982 | വെസ്റ്റേൺ ഘട്ട് ഡെവലപ്പ്മെന്റ് പ്രോഗ്രാം | ഹെഡ് ഓഫ് അക്കൌണ്ട് അറിയാത്തതിനാൽ തുക തിരിച്ചടയ്ക്കാൻ സാധിക്കുന്നില്ല. |
| ICDS | 892015 | അനുപൂരക പോഷകാഹാര പരിപാടി | നിലവിൽ അനുപൂരക പോഷകാഹാരവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് തുക ചെലവഴിച്ചുവരുന്നു. |
| Literacy Sheme Grant | 3269 | സാക്ഷരതാമിഷൻ ഫണ്ട് | സാക്ഷരതാമിഷനിൽ നിന്ന് അറിയിപ്പ് ലഭിക്കുന്നമുറയ്ക്ക് തുക തിരിച്ചടയ്ക്കുന്നതാണ്. |

| | | | |
|---|---|---|---|
| Grant For Festivals | 17751 | കോട്ടൂർ ഫെസ്റ്റ് | ഹെഡ് ഓഫ് അക്കൌണ്ട് അറിയാത്തതിനാൽ തുക തിരിച്ചടയ്ക്കാൻ സാധിക്കുന്നില്ല. |
| Grant, Funds For Specific Purpose | 336658 | ബയോഡൈവേഴ്സിറ്റി, കിലയിൽ നിന്ന് ഓൺലൈൻട്രയിനിംഗിന് ലഭിച്ച തുക, അംഗൻവാടികളുടെ ബോർഡ് സ്ഥാപിക്കുന്നതിന് ഡി.ഡി.പി.ഒ യിൽ നിന്ന് ലഭിച്ച തുക | ബയോഡൈവേഴ്സിറ്റിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് തുക നിലവിൽ ചെലവഴിച്ചുവരുന്നു. കില ട്രയിനിംഗ്, അംഗൻവാടി ബോർഡ് എന്നിവയുടെ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട് |
| Grant, Funds For Specific Purpose-Other Financial Institutions | 1200000 | ലൈഫ് ഭവനപദ്ധതി (സംസ്ഥാന വിഹിതം) | ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് തുക നിലവിൽ ചെലവഴിച്ച് വരുന്നു. |

തുക അതാതു പ്രോജക്ടുകൾക്കായി ചെലവഴിക്കേണ്ടതും, അല്ലാത്തപക്ഷം തിരികെ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

6. ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരികെ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ബാലൻസ്ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1980746/-രൂപയും, ജില്ലാപഞ്ചായത്ത് വിഹിതം 257617/-രൂപയും ചെലവഴിക്കാതെ തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

പ്രസ്തുത വിഹിതം ചെലവഴിക്കുന്നതിലേക്കായി ബില്ല് തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ചപ്പോൾ അക്കൌണ്ട് ബ്ലോക്കായെന്ന അറിയിപ്പ് ലഭിച്ചതിനാൽ തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയത്(ഓഡിറ്റ് എൻക്വയറി നം.10). ചെലവഴിക്കാത്ത ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരികെ ഒടുക്കാൻ നടപടി കൈക്കൊള്ളേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| ആകെ ഏറ്റെടുത്ത പദ്ധതികൾ | പൂർണമായും നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 305 | 213 | 92 | 228947529 | 68902047 | 30% |

നിർവഹണ ഉദ്യോഗസ്ഥർ- ചെലവ് ശതമാനം.

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| കൃഷി ഓഫീസർ | 2234400 | 1130925 | 51% |
| വെറ്റിനറി സർജൻ | 5897450 | 2728650 | 46% |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 1534205 | 1468462 | 96% |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 150000 | 150000 | 100% |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 750000 | 750000 | 100% |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1053000 | 51360 | 49% |
| വി.ഇ.ഒ | 149129243 | 14305758 | 10% |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 5097778 | 4548089 | 89% |
| സെക്രട്ടറി | 14880350 | 11382291 | 76% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 45597724 | 30945110 | 68% |
| ഹെഡ്മാസ്റ്റർ | 1204697 | 559229 | 46% |

| | | | |
|---|---|---|---|
| ഡയറിഫാം ഇൻസ്പെക്ടർ | 1418682 | 882173 | 62% |

ഇതിൽ വെറ്ററിനറി സർജൻ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, വി.ഇ.ഒ, ഹെഡ്മാസ്റ്റർ എന്നിവർ വകയിരുത്തിയതിൽ പകുതി തുക പോലും ചെലവഴിച്ചിട്ടില്ല. അപാകതയ്ക്ക് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

## 1-5 പണം നീക്കിയിരിപ്പ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.03.2022 തീയതി ഉച്ചയ്ക്കുശേഷം 12.12 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7280/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 529542 | 1624528 | 2154070 | 99913 | 2054157 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | ----- | 54694507 | 54694507 | 54694507 | ------- |
| ആകെ | 529542 | 56319035 | 56848577 | 54794420 | 2054157 |

നീക്കിയിരുപ്പ് തുക വാർഷിക ധനകാര്യ പത്രികയിലെ (B4) നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 2020-2021 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 76680 | 130 |
| കർഷക തൊഴിലാളി പെൻഷൻ | 2543600 | 1021 |
| വിധവ പെൻഷൻ | 14596500 | 5394 |
| വാർദ്ധക്യകാല പെൻഷൻ | 26913800 | 10817 |
| വികലാംഗ പെൻഷൻ | 4333800 | 1679 |
| വിവാഹ ധന സഹായം | 60000 | 02 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 398200 | 153 |

## 1-8 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്ത് ആഭ്യന്തര നിയന്ത്രണത്തിൽ മേച്ചപ്പെടേണ്ടതുണ്ട്. വിശദാംശങ്ങൾ താഴെ.

1. ജീവനക്കാരുടെ ജോലിവിഭജനം തൃപ്തികരമായി നടത്തിയിട്ടുണ്ടെങ്കിലും സമയബന്ധിതമായും പൂർണമായും രജിസ്റ്ററുകൾ, മറ്റ് ഫയലുകൾ എന്നിവ പൂർത്തിയാക്കി ആധികാരികമായി സൂക്ഷിക്കുന്നതിൽ കൂടുതൽ ജാഗ്രത വേണം.
2. വസ്തു നികുതി, തൊഴിൽ നികുതി എന്നിവ ശേഖരിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.
3. പദ്ധതി വിഹിതം പൂർണമായും ഫലപ്രദമായും ചെലവാക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.
4. 50% ചെലവ് പോലും നടത്താതെയാണ് ഐ.സി.ഡി.എസ്, വെറ്റിനറി പ്രോജക്ടുകൾ നിർവ്വഹണം നടത്തിയത്.
5. പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുവാനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.
6.പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങൾക്ക് സ്ഥാപന നികുതി, ലൈസൻസ് ഫീസ്, എന്നിവ ഈടാക്കാത്തതായും, ഈടാക്കിയതിൽ കുറവുള്ളതായും കാണുന്നു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.12.2021 മുതൽ 14.12.2021 വരെ | 2018-19 | 14.12.2021 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.03.2015 മുതൽ 07.05.2015 വരെ | 2010-2011 - 2014-2015 | 14.06.2015 |

## 1-10 അർദ്ധവാർഷിക വരുമാന പത്രികകൾ ഹാജരാക്കിയില്ല.

തൊഴിൽ നികുതി സംബന്ധമായ രേഖകളുടെ പരിശോധനയിൽ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ഇതിന് ഉപോദ്ബലകമായ അർദ്ധവാർഷിക വരുമാന പത്രികകൾ ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ വരുമാനത്തിന് ആനുപാതികമായാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ ജീവനക്കാരുടെ പേരും തസ്തികയും നികുതി തുകയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 1000/-രൂപയും 750/-രൂപയും നികുതിയായി ഒടുക്കിയവർ ഉൾപ്പെടുന്നതിനാൽ അർദ്ധവാർഷിക വരുമാന പത്രികയുടെ അഭാവത്തിൽ ഇതിന്റെ കൃത്യത ബോദ്ധ്യപ്പെടുവാൻ സാധിച്ചിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 205 (എഫ്), 1996-ലെ കേരള പഞ്ചായത്ത്‌രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 16 എന്നിവ നിഷ്കർഷിക്കും പ്രകാരം ഓഫീസ് തലവനോ തൊഴിലുടമയോ ജോലി ചെയ്യുന്ന ആളുകളുടെ വരുമാനത്തെയോ ശമ്പളത്തെയോ സംബന്ധിച്ച വിവരങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ രേഖപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കി മാതൃക കാട്ടേണ്ട പഞ്ചായത്ത് തന്നെ ക്രമവിരുദ്ധമായ നടപടികളിലേർപ്പെട്ടത് ആശാവഹമല്ല. ഇത്തരം അപാകതകളൊഴിവാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് 25.03.2022 തീയതിയിൽ 06 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടിയിൽ ജീവനക്കാരുടെ 2020-2021-ലെ തൊഴിൽ നികുതി ശമ്പളത്തിൽ നിന്ന് ഒടുക്കു വരുത്തിയിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-11 തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല.

വിവിധ വാർഡുകളിലെ വ്യാപാരികൾക്ക് 2020-2021 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിർദ്ദിഷ്ട രീതിയിലുള്ള ഡിമാന്റ് നോട്ടീസിന്റെ/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 25.03.2022-ൽ 06-ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയിലൂടെ ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത രേഖകൾ ഹാജരാക്കാതെ നികുതി അടയ്ക്കുന്നതിന് നൽകിയ നോട്ടീസ് പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ വ്യാപാരികൾക്ക് 2020-2021 സാമ്പത്തിക വർഷം ഇത്തരത്തിലുള്ള ഡിമാന്റ് നോട്ടീസ്/ബില്ല് നൽകിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതിന്റെ ഡ്യൂപ്ലിക്കേറ്റിൽ കൈപ്പറ്റിയ വ്യക്തിയുടെ ഒപ്പും തീയതിയും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

1996-ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 10(1) പ്രകാരം തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ വ്യക്തികൾ/വ്യാപാരികൾ/കമ്പനികൾക്ക് നോട്ടീസ് നൽകേണ്ടതാണ്. ചട്ടം. 18(1) പ്രകാരം തൊഴിൽ നികുതിയായി നിശ്ചയിക്കപ്പെട്ട തുക ഡിമാന്റ് ചെയ്യേണ്ടതാണ്. തൊഴിൽ നികുതി ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമുള്ള ഡിമാന്റ് ചെയ്യലിന്റെ അഭാവം നിമിത്തം നികുതി വരുമാനം ലഭിക്കാത്തതോ കുറയുന്നതോ കാലഹരണപ്പെടുന്നതോ ആയ സ്ഥിതിവിശേഷം സംജാതമായാൽ അത്തരത്തിലുണ്ടാകുന്ന വരുമാന നഷ്ടങ്ങളുടെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

## 1-12 സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 2020-2021 സാമ്പത്തിക വർഷത്തെ വരവ് സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. മുൻകാല ലൈസൻസ് രജിസ്റ്ററിൽ ഈ സ്ഥാപനങ്ങളുടെ പേര് ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ഇതിൽ ചില സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് വിവിധ ആവശ്യങ്ങൾക്കായി സാധനങ്ങളും സേവനങ്ങളും (വൗച്ചറുകളുടെ പരിശോധന) പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. രേവതി ഓഫ്സെറ്റ്, കുറ്റിച്ചൽ
2. പ്രതാപൻ സ്റ്റോർ, മൂഴി, കുറ്റിച്ചൽ
3. അനാമിക ടയേഴ്സ്, കുറ്റിച്ചൽ
4. തിലക് മെഡിക്കൽസ്, കുറ്റിച്ചൽ
5. പ്രിൻസ് ബഥേൽ കമ്പ്യൂട്ടേഴ്സ് & ഇലക്ട്രോണിക് സർവ്വീസ്, ഉത്തരംകോട്, കോട്ടൂർ
6. തനിമ ടേഡേഴസ്, കുറ്റിച്ചൽ
7. കുറ്റിച്ചൽ ക്ഷീരോല്പാദക സഹകരണ സംഘം
8. കോട്ടൂർ ക്ഷീരോല്പാദക സഹകരണ സംഘം
9. കാട്ടുകണ്ടം ക്ഷീരോല്പാദക സഹകരണ സംഘം
10. ശിവശക്തി ഫൈനാൻസ്, കുറ്റിച്ചൽ
11. മുളമൂട്ടിൽ ടയേഴ്സ്, കുറ്റിച്ചൽ
12. ദേവി ഫൈനാൻസ്, കുറ്റിച്ചൽ
13. എം. എസ് മെഡിക്കൽസ്, കുറ്റിച്ചൽ
14. കവിത ബേക്കറി, കുറ്റിച്ചൽ
15. അനസ് ഫുട്ട്‌വെയർ, കുറ്റിച്ചൽ
16. വിശ്വസാരഥി മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, കുറ്റിച്ചൽ

ഇതു സംബന്ധിച്ച് 25.03.2022 തീയതിയിൽ 06 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടിയിൽ സ്ഥാപന നികുതി

ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപന നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-13 ജീവനക്കാരുടെ വിവരം സ്ഥാപനം വെളിപ്പെടുത്തിയിട്ടും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഫാക്ടറി വ്യാപാര ലൈസൻസിനു വേണ്ടിയുള്ള അപേക്ഷയിൽ ചില സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് രേഖപ്പെടുത്തിയിട്ടും അത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷത്തെയും) ഈടാക്കിയിട്ടില്ല. ഇത് പഞ്ചായത്തിലെ നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നില്ല എന്നതിന് ഉദാഹരണമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനങ്ങളുടെ പേര് | ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം | അപേക്ഷയിലെ ഫ്രണ്ട് ഓഫീസ് തപാൽ നമ്പരും തീയതിയും |
|---|---|---|
| എം എസ് എ പൗൾട്രി ഫാം, KP VIII/321 | 02 | B1-1302/20<br>27.05.2020 |
| എസ് എൻ സാമിൽ, KP XII/319 | 02 | C1-1734/20<br>20.05.2020 |
| മഹേന്ദ്ര കാർപെന്ററി, KP IX/493 | 02 | C1-2114/20<br>08.06.2020 |
| അൽമാസ് സ്റ്റോഴ്സ്, പേങ്ങാട് (ടൈൽ വ്യാപാരം) KP I/366B | 02 | C1-2058/20<br>05.06.2020 |
| ബ്രദേഴ്സ് ദന്താശുപത്രി , KP I/498, 499 | 02 | C1-1982/20<br>02.06.2020 |
| വൈഗ ഗോൾഡ് പാർക്ക്, KP XIV/508 H, I | 02 | C1-2086/20<br>15.06.2020 |
| മിന്നാരം ഫുഡ്സ് & ഫ്ലവർ മിൽ, കള്ളോട്, KP XIV/206 | 02 | C1-2408/20<br>22.06.2020 |
| അസിൻ ഫ്ലവർ മിൽ, കുറ്റിച്ചൽ KP XI/446, 447 | 02 | C1-2447/20<br>23.06.2020 |
| എസ് ഡി പി ഫ്യൂവൽസ്, കുറ്റിച്ചൽ, KP II/470A | 03 | C1-1813/20<br>25.05.2020 |
| അക്ഷയ എന്റർപ്രൈസസ്, കോട്ടൂർ, KP IX/11 | 03 | C1-2986/20<br>11.08.2020 |
| ഭക്താസ് സൂപ്പർ മാർക്കറ്റ്, KP I/522 A, B | 08 | C1-1745/20<br>20.05.2020 |
| വാസുദേവാസ് ട്രേഡിംഗ്, ഹാർഡ്‌വെയേഴ്സ്, കുറ്റിച്ചൽ, KP I/527 | 02 | C1-1746/20<br>20.05.2020 |

| | | |
|---|---|---|
| എ എസ് ഏജൻസീസ്, പേഴുംമൂട്, KP XIV/106, 107 | 02 | C1-2139/20<br>16.07.2020 |
| നിത്യദർശിനി ന്യൂട്രിമിക്സ് യൂണിറ്റ്, KP II/336, 340, 341 | 05 | C1-2460/20<br>23.06.2020 |
| മാനസി ബസാർ, KP XIV/517 | 04 | C1-3800/20<br>14.10.2020 |

ഇത സംബന്ധിച്ച് 25.03.2022 തീയതിയിൽ 06 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക മറുപടിയിൽ കോവിഡ് രൂക്ഷമായ സാഹചര്യത്തിലും ഈ സ്ഥാപനങ്ങൾ ലൈസൻസ് ഒടുക്കിയിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ മേൽ പ്രസ്താവിച്ച സ്ഥാപന നികുതി ഈടാക്കിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-14 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച.

തൊഴിൽ നികുതി സംബന്ധമായ രേഖകളുടെ പരിശോധനയിൽ ഐ റ്റി ഡി പി ഓഫീസ്, കുറ്റിച്ചൽ ശ്രീ ധർമ്മശാസ്ത ക്ഷേത്രം ദേവസ്വം, കൈരളി സെൻട്രൽ സ്കൂൾ കുറ്റിച്ചൽ, മാവേലി സ്റ്റോർ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-2021 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധ വർഷത്തെയും) തൊഴിൽ നികുതി പിരിച്ചെടുക്കാൻ പഞ്ചായത്തിന കഴിഞ്ഞിട്ടില്ല. കൂടാതെ സി ഡി എസ് അക്കൗണ്ടന്റിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനത്തിന്റെ മേൽ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇത സംബന്ധിച്ച് 25.03.2022 തീയതിയിൽ 06 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഒടുക്കു വരുത്തുന്നതിന് ഉടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത വർഷത്തെ തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-15 വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന വ്യാപാര സ്ഥാപനങ്ങളുടെ 2020-21 സാമ്പത്തിക വർഷത്തെ ലിസ്റ്റ് വാർഡടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴവൻ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടോയെന്നും ലൈസൻസ് നൽകിയിട്ടുണ്ടോയെന്നും കൃത്യമായി അറിയുവാൻ സാധിക്കുന്നില്ല. വ്യാപാര സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും കഴിയുകയില്ല. കൂടാതെ നികുതി പിരിവ് പൂർണ്ണമായും കാര്യക്ഷമമായും നടത്തുവാനും കഴിയാതെ വരുന്നു. ഇത് തനതു ഫണ്ടിന്റെ ശോഷണത്തിന് കാരണമായിത്തീരുന്നു. ആയതിനാൽ വാർഡടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ് ഓരോ സാമ്പത്തിക അർദ്ധവർഷവും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ കർത്തവ്യമാണ്.

25.03.2022-ൽ 07-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ട്രേഡേഴ്സ് ലിസ്റ്റ് സമർപ്പിച്ചിട്ടുണ്ടെന്ന രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റിന ലഭ്യമാക്കിയിട്ടില്ല.

## 1-16 ലൈസൻസ് നൽകൽ കാര്യക്ഷമമല്ല.

ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 96 സ്ഥാപനങ്ങൾ/കടകൾ മാത്രമാണ് 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ സഞ്ചയയിലെ കണക്കുകളനുസരിച്ച് 14 വാർഡുകളിലായി 1254 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ നിലവിലുണ്ട്. കേരള പഞ്ചായത്ത്‌രാജ് നിയമം, വകുപ്പ് 232, 233 പ്രകാരവും 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരവും ഏതൊരു വ്യാപാരസ്ഥാപനവും ആരംഭിക്കുന്നതിന മുമ്പ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഓരോ വർഷവും പുതുക്കേണ്ടതുമാണ്.

ലൈസൻസ് ഫീസ് ഇനത്തിൽ സമാഹരിക്കുന്ന തുക തനതു ഫണ്ടിലേയ്ക്കുള്ള പ്രധാന വരുമാന സ്രോതസ്സായതിനാലും ലൈസൻസ് നൽകുകയെന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും കൂടാതെ ഈ ഗണത്തിൽപ്പെട്ട സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ ജീവനേയും സ്വത്തിനേയും നേരിട്ട് ബാധിക്കുന്നവയായതിനാലും ഇക്കാര്യത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്.

ഇത സംബന്ധിച്ച് 25.03.2022 ൽ 07-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് സാഹചര്യത്തിൽ മിക്ക കടകളും പ്രവർത്തന രഹിതമായിരുന്നെന്ന വ്യക്തമാക്കിയിട്ടുണ്ട്.

## 1-17 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 07, പട്ടിക II (31.10.2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം പുതുക്കിയത്) നിഷ്കർഷിക്കും പ്രകാരം വ്യാപാര സ്ഥാപനങ്ങളെ മേഖലാടിസ്ഥാനത്തിൽ തരംതിരിച്ച് അവയുടെ മൂലധന നിക്ഷേപത്തിനനുസൃതമായി വാർഷിക ലൈസൻസ് ഫീ നിശ്ചയിക്കുകയോ ആയത് പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള

അപേക്ഷകളിൽ വിറ്റുവരവ്, മൂലധന ചെലവ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ഏതു മാനദണ്ഡ പ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമല്ല.

ഇതു സംബന്ധിച്ച് 25.03.2022 ൽ 07-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്ഥല പരിശോധനയുടെയും ബന്ധപ്പെട്ട ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ ഈടാക്കുന്നതാണെന്ന മറുപടി അംഗീകരിക്കുവാൻ കഴിയില്ല. ലൈസൻസ് ഫീ ഈടാക്കുന്നതിൽ കൃത്യത ഉറപ്പാക്കുന്നതിനും മാനദണ്ഡങ്ങൾ പാലിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ ഇനത്തിൽ തനത് ഫണ്ടിന് നഷ്ടം ഉണ്ടാകുന്നതാണ്.

## 1-18 കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

കല്യാണമണ്ഡപങ്ങൾ, ഹാളുകൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ എന്നിവയിൽ നിന്നും 2020-2021 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് തനതുവരുമാന നഷ്ടത്തിനു കാരണമാകുന്നു. കേരള പഞ്ചായത്ത്‌രാജ് ആക്റ്റ്, സെക്ഷൻ 232(1) ൽ "ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്നും മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ ഏതെങ്കിലും കാര്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്." ഇതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് വേണമെന്ന് വ്യക്തമാണ്. 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 33 പ്രകാരം ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് അനിവാര്യമാണ്. ഇത്തരത്തിൽ 2020-2021 സാമ്പത്തിക വർഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു. ഈ സ്ഥാപനങ്ങളിൽ നിന്നും 2020-2021 സാമ്പത്തിക വർഷത്തെ സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല.

1. ആർ. കെ ഓഡിറ്റോറിയം, കുറ്റിച്ചൽ

2. മുസ്ലീം ജമാ അത്ത് ഹാൾ, കുറ്റിച്ചൽ

3. ജൊവാക്കീം ചർച്ച് ജൂബിലി ഹാൾ, തച്ചൻകോട്

4. ജമാ അത്ത് ഹാൾ, കോട്ടൂർ

ഇതു സംബന്ധിച്ച് 25.03.2022 ൽ 07-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കുറ്റിച്ചൽ, കോട്ടൂർ എന്നിവിടങ്ങളിലെ ജമാ അത്ത് ഹാൾ, ജൊവാക്കീം ചർച്ച് ജൂബിലി ഹാൾ എന്നീ സ്ഥാപനങ്ങൾ മതപരമായ ആവശ്യങ്ങൾക്കു മാത്രമാണ് ഉപയോഗിക്കുന്നതെന്ന രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2020-2021 സാമ്പത്തിക വർഷത്തെ വിവാഹ രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ തൻവർഷം നിരവധി വിവാഹങ്ങൾ പ്രസ്തുത സ്ഥാപനങ്ങളിൽ വെച്ച് നടന്നതായി കണ്ടെത്തിയിട്ടുള്ളതിനാൽ ഈ മറുപടി അംഗീകരിക്കുവാൻ കഴിയുകയില്ല. ആയതിനാൽ ലൈസൻസ് ഫീസും സ്ഥാപന നികുതിയും അടിയന്തരമായി പിരിച്ചെടുത്ത് തനതു ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-19 റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല.

റേഷൻ കടകളിൽ നിന്നും 2020-2021 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുകയോ, അവയ്ക്ക് ഫാക്ടറി-വ്യാപാര ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. ഇത് തനതുഫണ്ടിന്റെ വരുമാന ശോഷണത്തിനു കാരണമാകുന്നു. ഓഡിറ്റിനു ഹാജരാക്കിയ ലൈസൻസ് രജിസ്റ്ററിൽ റേഷൻ കടകൾ ഉൾപ്പെട്ടിട്ടില്ല. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019-ലെ (CS)A9-764/19 നം. ഉത്തരവു പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് കൂടാതെ 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യവുമാണ്.

ഇതു സംബന്ധിച്ച് 25.03.2022 തീയതിയിൽ 07 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലൈസൻസ് എടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വ്യാപാരികളുടെ ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കുമ്പോൾ റേഷൻ കടകളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റ് നോട്ടീസിലൂടെ തൊഴിൽ നികുതിയിനത്തിലും ലൈസൻസ് ഫീസിനത്തിലും ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-20 സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല.

2020-2021 സാമ്പത്തിക വർഷം സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ലാത്തതിനാൽ തനതുഫണ്ടിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. കെയർ ഹോസ്പിറ്റൽ കുറ്റിച്ചൽ, ചിന്താലയ ഹോമിയോ ക്ലിനിക് എന്നീ സ്ഥാപനങ്ങളാണ് ഇത്തരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

1997-ലെ കേരള പഞ്ചായത്ത്‌രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഒരു പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ലെന്നും ചട്ടം 5(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റേയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് 25.03.2022-ൽ 07-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലൈസൻസും രജിസ്ട്രേഷൻ ഫീസും ഒടുക്കുന്നതിനായി അറിയിപ്പ് നൽകുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-21 മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല.

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. 2013-14

സാമ്പത്തിക വർഷം മുതലുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. ടവർ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം കണക്കാക്കിയ തുകയാണ് മൊബൈൽ ടവർ കമ്പനികൾ നികുതിയായി പഞ്ചായത്തിൽ ഒടുക്കേണ്ടത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവറിന്റെ പേരും മേൽവിലാസവും | വാർഡ് നമ്പർ | കെട്ടിട നമ്പർ | നിർണ്ണയിച്ച വാർഷിക വസ്തുനികുതി നിരക്ക് | കുടിശ്ശിക തുക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 02 | 483 | 18900 | 1857 | 2020-21 Second Half |
| സബ് ഡിവിഷണൽ എഞ്ചിനീയർ, ബി എസ് എൻ എൽ ടെലികോം സിവിൽ സബ് ഡിവിഷൻ | 03 | 320 | 39690 | 317520 | 2013-14 To 2020-21 |
| ബി എസ് എൻ എൽ ടെലികോം ലിമിറ്റഡ് | 14 | 309 | 11813 | 94504 | 2013-14 To 2020-21 |

ഇതു സംബന്ധിച്ച് 25.03.2022 ൽ നൽകിയ 02-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബി എസ് എൻ എൽ ടവറുകളുടെ തറ വിസ്തീർണ്ണം റീ അസെസ്സ് ചെയ്തതിനു ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-22 വെള്ളക്കരം- അധികം ഒടുക്കിയത് ക്രമീകരിക്കേണ്ടതാണ്.

ചെക്ക് നം.1706808/12.6.20 (Voucher No. 22000230/17.6.2020) പ്രകാരം മേയ് മാസത്തെ പൊതുടാപ്പുകളുടെ വാട്ടർചാർജിനത്തിൽ 48607/- രൂപ നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റി ലഭ്യമാക്കിയ ബിൽ പ്രകാരം ഏപ്രിൽമാസത്തെ ബിൽ തുക (24063/-), പിഴതുക(481/-), മേയ് മാസത്തെ ബിൽ തുക(24063/-) എന്നിവ ഉൾപ്പെടെയാണ് 48607/-രൂപ ഡിമാന്റ് ചെയ്തിട്ടുള്ളത്.

A) എന്നാൽ ഏപ്രിൽ മാസത്തെ ബിൽതുക 2692766/12.5.2020 (Voucher No. 22000111/16.5.2020) പ്രകാരം 24063/-രൂപ ഒടുക്കിയിട്ടുണ്ട്. ആയത് പരിശോധിക്കാതെ വീണ്ടും ഡിമാന്റ് ചെയ്ത മുഴുവൻ തുകയും വാട്ടർ അതോറിറ്റിക്ക് നൽകിയിരിക്കുന്നു.

B) മേയ് മാസത്തെ വാട്ടർബില്ല് ഡിമാന്റ് നോട്ടീസ് പ്രകാരം പിഴകൂടാതെ തുക ഒടുക്കേണ്ട തീയതി 31.05.2020 ആണ്. എന്നാൽ 12.06.2020 നാണ് തുക ഒടുക്കിയിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം.21). തുക അധികം നൽകിയത് ക്രമീകരിക്കേണ്ടതും, സമയപരിധിക്കുള്ളിൽ ബില്ല് ഒടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-23 വാഹനങ്ങളുടെ ഇൻഷ്വറൻസ്- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

വൗച്ചർ നം. 22000248/26.6.2020 (ചെക്ക് നം.181234/19.06.2020- 11781/-)

വൗച്ചർ പ്രകാരം Vehicle Insurance ഇനത്തിൽ 11781/- രൂപ The New India Assurance Company LTD ന് നൽകിയിട്ടുണ്ട്. എന്നാൽ ഇതോടൊപ്പം സ്ഥാപനത്തിൽ നിന്നുള്ള ഒരു അഡ്ജസ്റ്റ്മെന്റ് വൗച്ചർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഇതിൽ വാഹനത്തെ സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലും ഇല്ല. കൂടാതെ സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങൾ, ത.സ്വ.ഭ. സ്ഥാപനങ്ങൾ എന്നിവ വാഹനങ്ങളുടെ ഇൻഷ്വറൻസ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്ന് എടുക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശമുള്ളപ്പോഴാണ് ഓഫീസ് വാഹന ഇൻഷ്വറൻസ് സ്വകാരസ്ഥാപനത്തിൽ നിന്ന് എടുത്തിട്ടുള്ളത്.

വാഹന ഇൻഷ്വറൻസ് പേപ്പർ നഷ്ടപ്പെട്ടതിനാൽ The New India Assurance Company LTD മായി ബന്ധപ്പെട്ട് കോപ്പി ലഭ്യമാക്കുന്നതാണെന്നും, നിലവിലെ ഇൻഷ്വറൻസ് കാലാവധി കഴിയുന്ന മുറയ്ക്ക് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ഇൻഷ്വറൻസ് എടുക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി(ഓഡിറ്റ് എൻക്വയറി നം.22). അപാകത പരിഹരിക്കേണ്ടതാണ്.

## 1-24 എസ്.എൽ.ഐ. ഈടാക്കിയതിൽ കുറവ്.

സംസ്ഥാന സർവ്വീസിൽ 19.08.1976-നോ അതിനുശേഷമോ പ്രവേശിക്കുന്ന അമ്പത് വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥർ, ഒരു മാസത്തിനുള്ളിൽ സർക്കാർ യഥാസമയം നിശ്ചയിക്കുന്ന നിരക്കിൽ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി എടുക്കേണ്ടതും, (ചട്ടം 22 എ, കെ എസ് ആർ) ശമ്പള പരിധി മാറുന്നതിനനുസരിച്ച് അഡീഷണൽ പോളിസി എടുക്കേണ്ടതുമാണ്. ജി.ഒ.(പി)149/2016/ധന/04.10.2016 പ്രകാരം 01.01.2017 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ച നിരക്കിൽ ചുവടെ ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും SLI ഇനത്തിൽ പ്രതിമാസ പ്രീമിയം ഈടാക്കുന്നില്ല.

| ഉദ്യോഗസ്ഥന്റെ പേര് | അടിസ്ഥാന ശമ്പളം | ഈടാക്കേണ്ടിയിരുന്ന മിനിമം തുക | ഈടാക്കിയ തുക |
|---|---|---|---|
| ശ്രീമതി ശ്രീലത, ഹെഡ് ക്ലാർക്ക് | 35700 | 500 | 250 |

| | | | |
|---|---|---|---|
| ശ്രീ.ഷിനോദ് റോബർട്ട്, ക്ലാർക്ക് | 27800 | 300 | 250 |
| ശ്രീ.സനൽകുമാർ.പി, ക്ലാർക്ക് | 27150 | 300 | 100 |
| ശ്രീമതി രമ.ബി, ഓഫീസ് അറ്റൻഡന്റ് | 25200 | 300 | 200 |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.21). അപാകത പരിഹരിക്കേണ്ടതാണ്.

## 1-25 സാക്ഷരത പ്രേരക്-മാർക്ക് ഓണറേറിയം നൽകിയത്- തുക റീക്കൂപ്പ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വൌച്ചർ നം. 22001167/18.03.2021 (ചെക്ക് നം.78266,78267/18.3.21)

സ.ഉ(സാധാ) നം.626/2021/ത.സ്വ.ഭ.വ തീയതി.26.02.2021 നിർദ്ദേശപ്രകാരം രണ്ട് സാക്ഷരതാ പ്രേരക്-മാർക്കുള്ള 12/20, 01/21 മാസങ്ങളിലെ ഓണറേറിയമായ 34000/-രൂപ (ശ്രീമതി അജിതാരാജി- 16800, ശ്രീമതി അമ്പിളി- 17200) ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. പ്രസ്തുത തുക നാളിതുവരെ സാക്ഷരത മിഷനിൽ നിന്നും തിരികെ ലഭ്യമാക്കിയിട്ടില്ല.

തുക ലഭിക്കുന്നതിന് സാക്ഷരതാ മിഷന് കത്ത് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കി (ഓഡിറ്റ് എൻക്വയറി നം.16). തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല(16401/- രൂപ).

അസി. എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിശ്ചിത കാലയളവിനുള്ളിൽ പണി പൂർത്തികരിക്കാൻ കഴിയാത്ത ഏതാനും പ്രവൃത്തികളുടെ വിവരം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരന്റേതല്ലാത്ത കാരണത്താൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാതെ വരികയാണെങ്കിൽ സമയപരിധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസി. എൻജിനീയർ മുഖേന കാലപരിധി അവസാനിക്കുന്നതിനു മുമ്പ് സമർപ്പിക്കേണ്ടതാണ്. എന്നാൽ കരാറുകാരൻ ഇത്തരത്തിലുള്ള അപേക്ഷ സമർപ്പിക്കുകയോ പൂർത്തീകരണ കാലയളവ് അനുമതിയില്ലാതെ ദീർഘിപ്പിച്ചതിന് കരാറുകാരനിൽ നിന്നും നിയമാനുസൃതമായ പിഴയോ ഈടാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018-ലെ എ.സി2/223/15 തസ്വഭവ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ പിഴ ആദ്യ മൂന്ന് മാസക്കാലയളവിന് 1% നിരക്കിലും തുടർന്ന് ഓരോ മൂന്ന് മാസക്കാലയളവിനും 2% നിരക്കിലും ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം കാലതാമസം വരുത്തിയതിന് പിഴ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 3-1ൽ ചേർക്കുന്നു.

## 1-27 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

നമ്മുടെ സംസ്ഥാനം സമീപകാലത്ത് നേരിട്ടുകൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥ വ്യതിയാനങ്ങൾ, പകർച്ചവ്യാധികൾ എന്നിവയുടെ പശ്ചാത്തലത്തിൽ അവയെ നേരിടുന്നതിനും ഇനിയൊരു ദുരന്തമുണ്ടായാൽ ക്രിയാത്മകമായി ഇടപെടുന്നതിനും പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനുമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2020-21 സാമ്പത്തിക വർഷം മുതൽ ഒരു ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്. സ.ഉ (കൈ)നം.156/2019/തസ്വഭവ, തീയതി: 04.12.2019, സ.ഉ (കൈ)നം. 157/2019/ തസ്വഭവ, തീയതി: 15.12.2019 എന്നീ ഉത്തരവുകൾ പ്രകാരം പ്രകാരം ഈ പദ്ധതിയിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് സ്ഥാപനതലത്തിലും വാർഡ്തലത്തിലും 20 അംഗങ്ങൾ വീതമുള്ള ലോക്കൽ റിസോഴ്സ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതാണ്. ഈ ഗ്രൂപ്പുകളുടെ ഘടന, പ്രവർത്തന നിർദ്ദേശങ്ങൾ തുടങ്ങിയ വിവരങ്ങൾ സ.ഉ (കൈ)നം. 09/2020/തസ്വഭവ, തീയതി: 06.01.2020-ൽ വ്യക്തമാക്കിയിട്ടുണ്ട്. ദുരന്ത നിവാരണ പദ്ധതി രൂപീകരിക്കുന്നതിനുള്ള ഏകോപനം ഉറപ്പുവരുത്തുന്നതിനായി ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പിനും രൂപം കൊടുക്കേണ്ടതാണ്. ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കാൻ പട്ടികകളും അവയിലേയ്ക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ ഏകീകൃത ടെംപ്ലേറ്റ് സ.ഉ (കൈ)നം. 14/2020/തസ്വഭവ, തീയതി: 14.01.2020 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് വാർഷിക പദ്ധതികളുടെ വികസന സെമിനാറിനു മുമ്പായി ദുരന്ത നിവാരണ പദ്ധതിക്കു മാത്രമായി പ്രത്യേക വികസന സെമിനാർ സംഘടിപ്പിക്കേണ്ടതാണ്. ഇതിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുവേണം മറ്റു വർക്കിംഗ് ഗ്രൂപ്പുകൾ അവരുടെ പദ്ധതികൾക്കു രൂപം നൽകേണ്ടത്.

ഈ വിഷയം സംബന്ധിച്ച് 25.03.2022 തീയതിയിൽ 04-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയോ ഉപോദ്ബലകമായ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നതിനും അതിനായി മേൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും ഭരണസമിതി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-28 പദ്ധതി തുക വകമാറ്റി ചെലവഴിച്ചു; 10000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മാംസോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് പോത്തുകുട്ടി വളർത്തൽ. ഈ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | 244/21 |
| പദ്ധതിയുടെ പേര് | പോത്തുകുട്ടി വളർത്തൽ (പട്ടികജാതി) |

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | | വെറ്ററിനറി സർജൻ |
| ഫണ്ടിനം | വികസന ഫണ്ട് (എസ്. സി. പി) | 280000/- |
| | ഗുണഭോക്തൃ വിഹിതം (നേരിട്ട ചെലവഴിക്കുന്നത്) | 168000/- |
| ആകെ അടങ്കൽ | | 448000/- |
| ഭരണാനുമതി നമ്പരും തീയതിയും | | 2(1)/21.01.2021 |
| ചെലവ് തുക (ചെലവ് പത്രിക പ്രകാരം) | | 170000/- (S.C.P) |
| ട്രഷറി ബിൽ നമ്പർ/തീയതി, തുക | | 12/2021, 16.03.2021, 90000/- |
| | | 14/2021, 25.03.2021, 20000/- |
| | | 15/2021, 25.03.2021, 10000/- |
| | | 16/2021, 25.03.2021, 20000/- |
| | | 34/2021, 27.03.2021, 10000/- |
| | | 35/2021, 27.03.2021, 10000/- |
| | | 36/2021, 30.03.2021, 10000/- |

പോത്തുകട്ടി വളർത്താൻ സന്നദ്ധരും സ്ഥല സൗകര്യവുമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 10000/-രൂപ സബ്സിഡി നിരക്കിൽ 16000/-രൂപ വിലയുള്ള ഓരോ പോത്തുകട്ടിയെ വീതം പർച്ചേസ് കമ്മിറ്റി മുഖാന്തിരം വാങ്ങി നൽകുന്നു. ഗുണഭോക്തൃ വിഹിതം നേരിട്ട ചെലവഴിക്കുമ്പോൾ സബ്സിഡി തുക വില്പനക്കാരന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.

വികസന ഫണ്ട് (എസ്. സി. പി) ഉപയോഗിച്ച് നടപ്പിലാക്കിയ ഈ പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റിയ ശ്രീ. അജി. ജി. പി, ഹെബ്രോൺ മന്ദിരം, കൊടുക്കറ, കോട്ടൂർ പി. ഒ എന്ന ഗുണഭോക്താവിന്റെ ജാതി സർട്ടിഫിക്കറ്റിൽ (നമ്പർ 997/21 തീയതി: 24.03.2021) മണ്ണൂർക്കര വില്ലേജ് ഓഫീസർ ടിയാൻ ചേരമർ ക്രിസ്ത്യൻ ആയതിനാൽ പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തിയല്ലെന്ന് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സാഹചര്യങ്ങൾ ഇങ്ങനെയൊക്കെയായിട്ടും ഈ ഗുണഭോക്താവിന് പോത്തുകട്ടി വിൽപ്പന നടത്തിയ ശ്രീ. ബാബു. സി, കണ്ണങ്കര മേലെ പുത്തൻവീട്, ആറാലുംമൂട്, അതിയന്നൂർ. പി. ഒ എന്ന വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നമ്പർ: 1566101006559, ഐ. എഫ്. എസ്. കോഡ്: CNRB0001566) വികസന ഫണ്ടിൽ (എസ്. സി. പി) നിന്നുള്ള സബ്സിഡി തുകയായ 10000/-രൂപ നിർവ്വഹണോദ്യോഗസ്ഥൻ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

മേൽ പ്രസ്താവിച്ച ഗുണഭോക്താവ് പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തിയല്ലെന്ന് വ്യക്തമായിട്ട പോലും ഈ വ്യക്തിക്ക വേണ്ടി എസ്. സി. പി ഫണ്ടിൽ നിന്നും പണം ചെലവഴിച്ചത് നീതിക്ക് നിരക്കുന്നതല്ല. സ. ഉ (കൈ) നം. 11/2018 തസ്വഭവ, തീയതി. 29.09.2018 എന്ന സർക്കാർ ഉത്തരവിന്റെ 6.1 ഖണ്ഡികയിൽ പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ലെന്നു നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ അവകാശങ്ങൾ ഉറപ്പു വരുത്തുന്നതിന് ഭരണഘടനപരമായും (ആർട്ടിക്കിൾ 15(4), 16(4), 46) ബാദ്ധ്യതയുണ്ട്. ആയതിനാൽ 10000/-രൂപയുടെ പ്രസ്തുത ചെലവ് ഓഡിറ്റിൽ അംഗീകരിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ഇതു സംബന്ധിച്ച ബാദ്ധ്യത നിർവ്വഹണോദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

ഈ വിഷയം സംബന്ധിച്ച് 31.03.2022 തീയതിയിൽ 20-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 10,000/-രൂപ തടസ്സപ്പെടുത്തുന്നു. മേൽ അപാകത്തിന് വ്യക്തമായ മറുപടി അടിയന്തിരമായി ലഭ്യമാക്കിയില്ലെങ്കിൽ തുക ഓഡിറ്റിൽ നിരാകരിക്കുന്നതായിരിക്കും.

## 1-29 അമൃതം ന്യൂട്രിമിക്സ്-ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ 2020-21 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

1. പദ്ധതി നം.13/20-21

പദ്ധതി അങ്കണവാടി പോഷകാഹാരം

അടങ്കൽ തുക-22,87,586/-

ചെലവ് തുക-22,65,812/-

(ബിൽ നം.& തീയതി 1/2020-21/30.06.2020-700297/-

ചെക്ക് നം.& തീയതി 02181286/23.07.2020-312549/-

ബിൽ നം.& തീയതി 5/2020-21/13.10.2020-180922/-

ബിൽ നം.&തീയതി 7/2020-21/09.02.2021-505630/-

ബിൽ നം.&തീയതി ലഭ്യമല്ല 314468/-

ബിൽ നം.&തീയതി ലഭ്യമല്ല 251946/-)

2. പദ്ധതി നം.S0292/20-21

പദ്ധതി അങ്കണവാടി പോഷകാഹാരം

അടങ്കൽ തുക-8,57,167/-

ചെലവ് തുക-5,76,652/-

(ബിൽ നം.& തീയതി 4/2020-21/28.05.2020-329535/-

ബിൽ നം.& തീയതി ലഭ്യമല്ല -247117/-(കേന്ദ്രാവിഷ്കൃത ഫണ്ട്)

മേൽ പദ്ധതികൾക്കായി 2020-21 സാമ്പത്തിക വർഷം 5,40,940/-രൂപയ്ക്ക് നിത്യദർശിനി അമൃതം ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങി അങ്കണവാടി പോഷകാഹാര പരിപാടിക്കായി വിതരണം നടത്തിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010-ലെ ഐ.സി.ഡി.എസ്-ബി3-312 നം. കത്ത് പ്രകാരം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ലാബ് ടെസ്റ്റ് നടത്തേണ്ടതാണ്. ലാബ് ടെസ്റ്റ് നടത്തിയ ലാബ് ടെസ്റ്റ് സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കാൻ 26.03.2022-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.13-ന് ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിത്യദർശിനി യൂണിറ്റിൽ നിന്നും ടി സാമ്പത്തിക വർഷം അമൃതം ന്യൂട്രിമിക്സ് പരിശോധനക്ക് അയച്ചിരുന്നുവെന്നും എന്നാൽ നാളിതുവരെ പരിശോധനാഫലം ലഭിച്ചിട്ടില്ലായെന്നും ലഭ്യമാകുന്ന മുറയ്ക്ക് ലാബ് ടെസ്റ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പാക്കി ഗുണഭോക്താക്കളായ ശിശുക്കൾക്കും, വയോധികർക്കും വിതരണം ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. പ്രസ്തുത വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയും നിർവ്വഹണോദ്യാഗസ്ഥയും പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-30 അങ്കണവാടികൾ ഭൗതിക സൗകര്യങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ആകെ 21 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഉത്തരവ് നം.1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരം അങ്കണവാടികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് 26.03.2022-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.12-ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപാകം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 15 |
| 2 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 5 |
| 3 | വാടക ഇല്ലാതെ പ്രവർത്തിക്കുന്നവ | 1 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 5 |
| 5 | ഓട്ടോമാറ്റിക്ക് ഗേറ്റ് ഇല്ലാത്തവ | 21 |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 6 |
| 7 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 21 |
| 8 | ശിശു സൗഹാർദ്ദ പെയിൻറിംഗ് ഇല്ലാത്തവ | 17 |
| 9 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 6 |
| 10 | കുടിവെള്ള സൗകര്യം ഇല്ലാത്തവ | 3 |

വികസനരേഖ പ്രകാരം അങ്കണവാടികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും വൈദ്യുതി, വെള്ളം, ഫർണിച്ചർ തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടതാണെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ അങ്കണവാടികളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത സർക്കാർ ഉത്തരവ് ഖണ്ഡിക 4.2.1 പ്രകാരം ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം. മേൽ പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് വ്യക്തമാണ്. കുടിവെള്ളം പോലുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്ത അങ്കണവാടികൾ ഉണ്ടെന്നുള്ളത് ഗുരുതരമായ കാര്യമാണ്. ആയതിനാൽ അംഗൻവാടികളിൽ ഭൗതിക

സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെയും ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 ജാഗ്രതാസമിതി പ്രവർത്തനങ്ങൾ സജീവമല്ല.

ജാഗ്രതാ സമിതി സ.ഉ (എം.എസ്) 21/07/സാ.ക്ഷേ.വ ഖണ്ഡിക 1.23 പ്രകാരം ഓരോ വാർഡിൽ നടക്കുന്ന പ്രവർത്തനങ്ങളും ക്രോഡീകരിച്ച് ജാഗ്രതാ സമിതി കൂടി ഇത് വിലയിരുത്തി വാർഡ്തല പ്രവർത്തനത്തിൽ പോരായ്മ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ കൃത്യമായ അവലോകന യോഗങ്ങൾ ചേർന്ന് മിനിട്സ് രേഖപ്പെടുത്തേണ്ടതാണ്. ജാഗ്രതാ സമിതിയുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തിൽ സജീവമല്ല. 2020-21 സാമ്പത്തിക വർഷം ജാഗ്രതാ സമിതി പദ്ധതി (പദ്ധതി നം.294/20-21) പ്രകാരം 25,000/-രൂപ അടങ്കൽ വകയിരുത്തിയിരുന്നെങ്കിലും മതിയായ പ്രവർത്തനങ്ങൾ ഒന്നും നടത്താതെ 8000/-രൂപയുള്ള സ്റ്റീൽ അലമാര വാങ്ങലിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ജാഗ്രതാസമിതി മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായി കാണുന്നില്ല. ആയതിനുള്ള വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ 31.03.2022-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.18-ന് ഗ്രാമപഞ്ചായത്തിൽ 2020-21-ൽ ജാഗ്രതാ സമിതി പ്രവർത്തനങ്ങൾക്ക് കോവിഡ് സാഹചര്യം പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നും 2021-22-ൽ സ്പിൽ ഓവറായി തുടരുന്നുവെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ നടത്തുവാനുള്ള നടപടികൾ ഭരണസമിതിയും ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയും സ്വീകരിക്കേണ്ടതാണ്.

## 1-32 തരിശുഭൂമി കൃഷി - അവലോകനം.

| | |
|---|---|
| പദ്ധതി നം. | 287/20-21 |
| പദ്ധതി | തരിശുഭൂമി കൃഷി |
| അടങ്കൽ | 60,000/-രൂപ |
| ചെലവ് തുക | 60,000/-രൂപ |
| ബിൽ നം.തീയതി | 1/20-21/13.01.21 |

ഗ്രാമപഞ്ചായത്തിൽ ലഭ്യമായ തരിശു സ്ഥലങ്ങൾ കണ്ടെത്തി ഹെക്ടറിന് 30,000/-രൂപ ആനുകൂല്യം നൽകി 2 ഹെക്ടർ സ്ഥലം കൃഷി യോഗ്യമാക്കുക എന്നതാണ് ടി പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 15 ഹെക്ടർ തരിശു ഭൂമിയിൽ കൃഷി യോഗ്യമായ 5 ഹെക്ടർ തരിശുഭൂമിയും കൃഷി യോഗ്യമല്ലാത്ത 10 ഹെക്ടർ തരിശുഭൂമിയും നിലനിൽക്കുന്നു. കൃഷി യോഗ്യമായ തരിശു സ്ഥലങ്ങളിൽ പച്ചക്കറി, വാഴ, കിഴങ്ങു വർഗ്ഗങ്ങൾ, ഫലവൃക്ഷങ്ങൾ, സുഗന്ധ വിളകൾ, ഔഷധ സസ്യങ്ങൾ, പുഷ്പ കൃഷി, മരച്ചീനി, പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ തുടങ്ങിയവ കാലാവസ്ഥയ്ക്കും ആവശ്യത്തിനും അനുസരിച്ച് കൃഷി ചെയ്യുന്നതിന് കർഷകരെ കണ്ടെത്തി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടികളൊന്നും സ്വീകരിച്ച് കണ്ടില്ല. കൃഷി യോഗ്യമായ 5 ഹെക്ടർ തരിശുഭൂമിയിൽ കൃഷി പൂർണമായും നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിന് കാരണം തിരക്കി 31.03.2022-ൽ നൽകിയ ഓഡിറ്റ് അന്വോഷണക്കുറിപ്പ് നം.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കാർഷിക വിളകൾക്ക് അനന്ത സാദ്ധ്യയുള്ള ഗ്രാമപഞ്ചായത്തിൽ തരിശുഭൂമി കൃഷി പ്രോത്സാഹിപ്പിച്ച് ഭക്ഷ്യവിളയിൽ ഗ്രാമപഞ്ചായത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനും സർക്കാരിന്റെ 'സുഭിക്ഷ കേരളം' പദ്ധതിയിൽ പങ്കുചേരുന്നതിനുമുള്ള അടിയന്തിര നടപടി സ്വീകരിക്കുവാൻ ഭരണസമിതിയും വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-33 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല-11647/-.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിനാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിന ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/ത്സ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2020-21 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. ഖണ്ഡിക 3-2 ൽ വിശദാംശം ചുവടെ ചേർക്കുന്നു.

## 1-34 തെരുവുവിളക്ക് പരിപാലനം-നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

തെരുവു വിളക്ക് പരിപാലനത്തിനായി 2020-21 സാമ്പത്തിക വർഷത്തിൽ നടത്തിയ പ്രോജക്ടുകളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ₹7,52,131/-രൂപ 2020-21 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കേടായ സാധനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ പരിപാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ, സർക്കുലറിൽ നിർദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയാണ് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളത്. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട മേൽ ഉത്തരവിലെയും സർക്കുലറിലെയും നിർദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011-ലെ 3055/ഡി.എ.3/2011, 29.05.2018-ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ

നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല.

2) 22.09.2015ലെ സ.ഉ(സാധാ)നം. 2878/15/തസ്വഭവ പ്രകാരം ത്രിതല പഞ്ചായത്തുകളിൽ ഇലക്ട്രിക്കൽ പ്രോജക്റ്റുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവക്ക് ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതിയുടെ സേവനം ഉപയോഗിക്കാൻ നിർദ്ദേശമുള്ളതാണ്. എന്നാൽ പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ പദ്ധതി മോണിറ്ററിംഗ് നടത്തുകയോ ചെയ്തിട്ടില്ല. സ്ഥാപനം സമർപ്പിച്ച വിവരങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഏതിനം തെരുവു വിളക്കുകളാണ് മാറ്റി സ്ഥാപിക്കുന്നത് എന്നതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ക്ഷണിച്ച ടെണ്ടറിലും വ്യക്തമായി പ്രതിപാദിച്ചിട്ടില്ല. ഉപകരണങ്ങളുടെ ക്ഷമത സംബന്ധിച്ചും പരിശോധന നടത്തിയിട്ടില്ല.

എൻക്വയറി നം 1/14-7-21 ന്റെ മറുപടിയായി ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ ഈ വിവരങ്ങളൊന്നും ലഭ്യമല്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 1-35 രേഖകൾ ഹാജരാക്കിയിട്ടില്ല - 51,360/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി | വീട്ടു വളപ്പിലെ കുളത്തിലെ മത്സ്യകൃഷി |
| പദ്ധതി നം. | 289/19-20 |
| അടങ്കൽ തുക | 6,15,000/- |
| ചെലവ് തുക | 51,360/- |
| നിർവ്വഹണോദ്യോഗസ്ഥ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

പ്രസ്തുത പദ്ധതിയുടെ ഫയൽ ഓഡിറ്റിൽ ഹാജരാക്കാൻ ഓഡിറ്റ് റിക്വിസിഷൻ (നം.1 തീയതി 31.03.2022) നൽകിയിരുന്നുവെങ്കിലും ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ പദ്ധതിയുടെ ചെലവ് തുക 51,360/-രൂപ തടസ്സപ്പെടുത്തുന്നു. മതിയായ ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നിശ്ചിത കാലയളവിനുള്ളിൽ പണി പൂർത്തികരിക്കാത്തതിന് പിഴ ഈടാക്കിയില്ല-16401/രൂപ വരവ് നഷ്ടം.

അസി. എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിശ്ചിത കാലയളവിനുള്ളിൽ പണി പൂർത്തികരിക്കാൻ കഴിയാത്ത ഏതാനും പ്രവൃത്തികളുടെ വിവരം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരന്റേതല്ലാത്ത കാരണത്താൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാതെ വരികയാണെങ്കിൽ സമയപരിധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസി. എൻജിനീയർ മുഖേന കാലപരിധി അവസാനിക്കുന്നതിനു മുമ്പ് സമർപ്പിക്കേണ്ടതാണ്. എന്നാൽ കരാറുകാരൻ ഇത്തരത്തിലുള്ള അപേക്ഷ സമർപ്പിക്കുകയോ പൂർത്തീകരണ കാലയളവ് അനുമതിയില്ലാതെ ദീർഘിപ്പിച്ചതിന് കരാറുകാരനിൽ നിന്നും നിയമാനുസൃതമായ പിഴയോ ഈടാക്കിയിട്ടില്ല. പൊതുമരാമത്ത് മാന്വൽ തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018-ലെ എ.സി2/223/15 തസ്വഭവ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ പിഴ ആദ്യ മൂന്നു മാസക്കാലയളവിന് 1% നിരക്കിലും തുടർന്ന് ഓരോ മൂന്നു മാസക്കാലയളവിനും 2% നിരക്കിലും ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം കാലതാമസം വരുത്തിയതിന് പിഴ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ഖണ്ഡികയിൽ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO 139/20-21 |
| പ്രവൃത്തിയുടെ പേര് | വഞ്ചിക്കുഴി-കുത്തുകുഴി റോഡ് സൈഡ് വാൾ നിർമ്മണം |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് - റോഡ് |
| ആകെ അടങ്കൽ | 551309/- |
| എഗ്രീഡ് പി എ സി | 551306/- |

| | |
|---|---|
| ചെലവ് തുക | 550646/- |
| ട്രഷറി ബിൽ നമ്പരും തീയതിയും | 73/14.12.2020 |
| അളവുപുസ്തക നമ്പർ | 41/20-21 |
| പൂർത്തീകരണ കാലയളവ് | 3 മാസം (സാങ്കേതികാനുമതി പ്രകാരം) |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത് പ്രവൃത്തി ആരംഭിച്ച തീയതി | 21/12/19 |
| പൂർത്തീയാക്കിയ തീയതി | 11/11/20 |
| പൂർത്തീകരിക്കേണ്ട തീയതി | 20/03/20 |
| അധികമായി എടുത്ത ദിവസങ്ങൾ | 237 |
| എഗ്രിമെന്റ് പ്രകാരം പിഴയില്ലാതെ അനുവദനീയമായ 20% കാലയളവ് | 18 ദിവസങ്ങൾ |
| ഗ്രേസ് പിരീഡ് കഴിച്ച് അധികമായുള്ള ദിവസങ്ങൾ | 237-18=219 |
| ആദ്യ മൂന്ന മാസത്തേയ്ക്ക് 1% നിരക്കിൽ പിഴ തുക | അതായത് 5513/-രൂപ |
| അടുത്ത മൂന്ന മാസത്തേയ്ക്ക് 2% നിരക്കിൽ അവശേഷിക്കുന്ന പിഴ തുക | 11026/- |
| അവശേഷിക്കുന്ന പിഴ തുക 2% റിക്കവറി | 4778/- |

| | |
|---|---|
| ആകെ പിഴ സംഖ്യ | 21317/- |
| ബില്ലിൽ നിന്നും ഈടാക്കിയ പിഴ തുക | 4916/- |
| ഒടുക്കുവാൻ അവശേഷിക്കുന്ന പിഴ തുക | 16401/- |
| കരാറുകാരൻ | ശ്രീ.സുനിൽ കുമാർ<br>നാറാണത്തുവീട്, കാര്യേട് |

2012 ലെ പി.ഡബ്ല്യൂ.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും എഞ്ചിനിയർ പരിശോധിക്കേണ്ടതുമാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെപറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000/- രൂപ<br>കൂടിയത് 50000/- രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000/- രൂപ<br>കൂടിയത് 100000/- രൂപ |

കരാറുകാരനിൽ നിന്നും നിയമാനുസൃതമായി ഈടാക്കേണ്ട പിഴ ഈടാക്കിയതിൽ കുറവ് വന്ന തുകയയ 16401/രൂപ ഈടാക്കി വിവരം അറിയിക്കുന്നതണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ട്.

## 3-2 ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 5% തുക കുറവ് ചെയ്തിട്ടില്ല. നഷ്ടം 11673/-രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിനാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിന ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/തസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2020-21 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

1) കുറ്റിച്ചൽ സാംസ്കാരിക നിലയം തുടർ വിദ്യാകേന്ദ്രം മെയിൻറനൻസ് – നഷ്ടം 6696/-

അടങ്കൽ: 150000/-രൂപ (മെയിൻറനൻസ് ഫണ്ട്)

കൺവീനർ: ശ്രീമതി.വിനോദ് ദാസ് .

കരാർ: 55/19-20/10-1-20

അളവ് പുസ്തകം: 485/19-20

ചെലവ്: 1,33,913/-രൂപ (ബിൽ നംപർ 32/19-20/19-5-20)

<u>നൽകിയ തുക:</u>

മൂല്യനിർണ്ണയം -1,33,913/-രൂപ

ആകെ - 133913/-

(-) IT 1% 1339.00

(-) WF 1% 1339.00

(-) KCWWF Collection Charge – 13/-

കൺവീനർക്ക് നൽകിയ തുക – 131222/-

<u>നൽകാവുന്ന തുക:</u>

മൂല്യനിർണ്ണയം- രൂപ 1,33,913/-

(-) OH 5% 6696/-

ബാക്കി 1,27,217/-

ആകെ 1,27,218/-

(-) IT 1% 1339/-

(-) WF 1% 1339/-

(-) KGWWF Collection Charge – 13/-

കൺവീനർക്ക് നൽകാവുന്ന തുക 124526/-

കൺവീനർക്ക് നൽകിയ തുക - 131222/-

അധികം നൽകിയ തുക -6696/-രൂപ

അധികം നൽകിയ 6696/-രൂപ കൺവീനറിൽ നിന്നീടാക്കി അതാത് ഫണ്ടിൽ അടവാക്കേണ്ടതൊണെന്നാവശ്യപ്പെട്ട് നൽകിയ 20/26-7-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 6696/-രൂപ കൺവീനറിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

2) ഹോമിയോ ഹോസ്പിറ്റലിൽ സൗഹൃദ ടോയ് ലെറ്റ് – നഷ്ടം – 4977/-

അടങ്കൽ: 100000/-രൂപ (സംസ്ഥാനവിഹിതഫണ്ട്)

കൺവീനർ: ശ്രീ.ഹൈദ്രോസ്

കരാർ: 56/19-20/10-1-20

അളവ് പുസ്തകം: 274/19-20

ചെലവ്: 99550/-രൂപ (ചെക്ക് നം. 2351592/17.4.20)

<u>നൽകിയ തുക:</u>

മൂല്യനിർണ്ണയം -99,550/-രൂപ

ആകെ - 99550/-

(-) IT 1% 995.00

(-) WF 1% 995.00

(-) KCWWF Collection Charge – 10/-

കൺവീനർക്ക് നൽകിയ തുക - 97550/-

നൽകാവുന്ന തുക:

മൂല്യനിർണ്ണയം- രൂപ 99550/-

(-) OH 5% 4977/-

ബാക്കി 1 – 94573/-

(-) IT 1% 995/-

(-) WF 1% 995/-

(-) KCWWF Collection Charge = 10/-

കൺവീനർക്ക് നൽകാവുന്ന തുക - 92573/-

കൺവീനർക്ക് നൽകിയ തുക - 97550/-

അധികം നൽകിയ തുക -4977/- രൂപ

അധികം നൽകിയ 11673/-രൂപ കൺവീനറിൽ നിന്നീടാക്കി അതാത് ഫണ്ടിൽ അടവാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 20/26-7-21 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ജൂൺ മാസം മുതലുള്ള ബില്ലുകളിൽ നിന്നും ഓവർഹെഡ് ചാർജ് ഈടാക്കിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. നഷ്ടത്തുക 11673/-രൂപ കൺവീനറിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| തൻവർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 910645 | ലൈഫ് ഭവനനിർമ്മാണം (ജനറൽ) | 160000 | 1980746 |
| | ലൈഫ് ഭവനനിർമ്മാണം (പട്ടികവർഗ്ഗം) | 273000 | |
| | സ്നേഹസ്പർശം | 306375 | |
| | സ്നേഹസ്പർശം (Spilover) | 306375 | |
| | ക്ഷീരസമൃദ്ധി | 171270 | |
| 951935 | ലൈഫ് ഭവനനിർമ്മാണം (പട്ടികവർഗ്ഗം) | 337000 | 257617 |
| | സ്നേഹസ്പർശം | 306375 | |
| | ക്ഷീരസമൃദ്ധി | 99221 | |
| | ക്ഷീരസമൃദ്ധി (Spilover) | 216339 | |

| | 19-20 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21RP – 7, RP31 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 20-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1980746 | 910645 | 2891391 | 1217020 | 1674371(*) | 1980746 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 257617 | 951935 | 1209552 | 951935 | 257617 | 257617 |

(*)-യഥാർത്ഥ നീക്കിയിരിപ്പ് ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം.

| | 2019-20 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 2020-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 1148725 | 266027 | 1414752 | - | 1414752(*) | 1246909 |
| വാട്ടർ അതോറിറ്റി | 2858678 | 1421000 | 4279678 | - | 4279678 (**) | 3347582 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 390473 | - | 390473 | - | 390473 | 390473 |
| പി.ഡബ്ല്യൂ.ഡി | 1,003,000 | - | 1,003,000 | - | 1,003,000 | 1,003,000 |
| സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ | 0 | 349980 | 349980 | - | 349980 | 349980 |

(*) (**)- യഥാർത്ഥ നീക്കിയിരിപ്പ് ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്.

ഇല്ല.

## 4-4 വായ്പ- വായ്പ തിരിച്ചടവ്

2020-21 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം.

| വായ്പയുടെ പേര്/ഉദ്ദേശ്യം | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക (സുലേഖ പ്രകാരം) | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC വായ്പ | ലഭ്യമല്ല | 35002352 (*) | 3080000 | 2809018 | 35093334 (**) |

(*)- യഥാർത്ഥ മുന്നിരിപ്പ് വരേണ്ടത് 34822352/-രൂപയാണ്. 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖ. 1-2-9 ൽ അപാകത പരാമർശിച്ചിട്ടുണ്ട്.

(**)- മുന്നിരിപ്പ്, വരവ്, ചെലവ് കണക്കാക്കുമ്പോൾ വരേണ്ട നീക്കിയിരിപ്പ് 35273334/-രൂപയാണ്. അപാകത ഖ 1-2-2 ൽ പരാമർശിച്ചിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 10,2,71,580 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,10,09,754 |
| ആകെ | 9,12,81,334 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,28,30,411 |
| നീക്കിയിരിപ്പ് | 84,50,923 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28,074 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 61,360 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 16,401 | ശ്രീമതി ഗംഗ, അസി. എൻജിനീയർ |
| 3-2 | 11,673 | |
| ആകെ | 28,074 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 10,000 | ശ്രീമതി.മായ ബാലകൃഷ്ണൻ, വെറ്ററിനറി സർജൻ |
| 1-35 | 51,360 | ശ്രീമതി.സോഫിയ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| ആകെ | 61,360 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഗംഗ,<br>അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ | ശ്രീഭവൻ,<br>സ്വാതി ലൈൻ,<br>പാപ്പനംകോട്. |
| ശ്രീമതി മായ ബാലകൃഷ്ണൻ,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | അനരാധ,<br>TC 5/765,<br>പേരൂർക്കട.പി.ഒ. |

| | | |
|---|---|---|
| ശ്രീമതി സോഫിയ,<br>സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സോഫിയ ക്വാർട്ടേഴ്സ്,<br>പാലസ് നഗർ,<br>നിയർ KSEB കഴക്കൂട്ടം,<br>കഴക്കൂട്ടം.പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി 6/1087/05, തീയതി.25.06.14 | 2 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 3 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 3 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 7 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 5 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 9 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 8 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി 6/635/14, തീയതി.16.09.14 | - |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി 5/937/18, തീയതി.13.06.18 | 12 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി 5/937/18, തീയതി.13.06.18 | 5 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി 5/937/18, തീയതി.13.06.18 | 5 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/920/2017, തീ.15.10.18 | 7 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1769/2017, തീ.06.01.18 | 17 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/39/2018, തീ.27.03.19 | 25 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/629/2020, തീ.01.06.2020 | 24 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/921/2021, തീ. 03.07.2021 | 38 |

ഡെപ്യൂട്ടി ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്